# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2477

23/01/2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഭൂരഹിത ആദിവാസികൾക്ക് ഭൂമി വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്ത് എത്ര ഭൂരഹിത ആദിവാസി കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | എ | 2010 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ 10517 ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതായി കണക്കാക്കിയിരുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം – 16<br>കൊല്ലം – 76<br>പത്തനംതിട്ട – 128<br>ആലപ്പുഴ – 212<br>കോട്ടയം – 206<br>ഇടുക്കി – 453<br>എറണാകുളം – 194<br>തൃശ്ശൂർ – 74<br>പാലക്കാട് – 1826<br>മലപ്പുറം – 733<br>കോഴിക്കോട് – 301<br>വയനാട് – 4913<br>കണ്ണൂർ – 170<br>കാസർഗോഡ് – 1215 |
| ബി | ഇവർക്ക് ഭൂമി നൽകുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണ്; ഭൂമി നൽകാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി | ഭൂരഹിതരും നാമമാത്ര ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിന് 2001 ൽ സർക്കാർ ആരംഭിച്ച ആദിവാസി പുനരധിവാസ വികസന മിഷൻ പ്രവർത്തനം തുടരുന്നു. 03.09.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 68/13/പജപവവിവ, 23.10.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 84/13/പജപവവിവ എന്നിവ പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ സ്വകാര്യ ഭൂമി കണ്ടെത്തി വിലയ്ക്കുവാങ്ങുന്നതിന് 10 ലക്ഷം രൂപയിൽ അധികരിക്കാതെ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിനുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| സി | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ആദിവാസികൾക്ക് ഭൂമി നൽകിയിട്ടുണ്ട് ; നൽകിയ ഭൂമിയുടെ അളവും ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് വിശദമാക്കുമോ; | സി | ഈ സർക്കാർ അധികാരമേറ്റശേഷം ടി.ആർ.ഡി.എം. മുഖേന 631 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരിയോട്ടുമലയിൽ 14 കുടുംബങ്ങൾക്ക് 40 സെന്റ് ഭൂമി വീതം നൽകി. കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ നാലാം ഘട്ടമായി 2011-12 കാലഘട്ടത്തിൽ 549 കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതവും 2013 ൽ 68 കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതവും നൽകിയിട്ടുണ്ട്.<br>റവന്യൂ വകുപ്പ് മുഖേന 4035 ആദിവാസികൾക്ക് ഭൂമി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഭൂമിയുടെ അളവ് |
|---|---|---|
| കാസർഗോഡ് | 45 | 4 ഏക്കർ 24 സെന്റ് |
| കണ്ണൂർ | 514 | 201.858 ഹെക്ടർ |
| കോഴിക്കോട് | 2 | 6 സെന്റ് |
| വയനാട് | 120 | 36.167 ഹെക്ടർ |
| മലപ്പുറം | 22 | 0.384 ഹെക്ടർ |
| പാലക്കാട് | 203 | 207.66 ഏക്കർ |
| തൃശ്ശൂർ | 5 | 5 ഏക്കർ |
| എറണാകുളം | 73 | 438 ഹെക്ടർ |
| ഇടുക്കി | ഇല്ല | ഇല്ല |
| കോട്ടയം | 1387 | 405.7162 ഹെക്ടർ |
| പത്തനംതിട്ട | 10 | 9.23 ഏക്കർ |
| ആലപ്പുഴ | ഇല്ല | ഇല്ല |
| കൊല്ലം | ഇല്ല | ഇല്ല |
| തിരുവനന്തപുരം | 1654 | 985.12 ഹെക്ടർ |

| | | | |
|---|---|---|---|
| ഡി | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭിക്കാൻ അവർതന്നെ ഭൂമി കണ്ടെത്തി അറിയിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ഡി | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ സ്വകാര്യ ഭൂമി കണ്ടെത്തി 10 ലക്ഷം രൂപയിൽ അധികരിക്കാതെ വിലയ്ക്കുവാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഗുണഭോക്താവ് അനുയോജ്യമായ ഭൂമി കണ്ടെത്തി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറെ അറിയിച്ച് നടപടി ക്രമം പൂർത്തിയാക്കി വാങ്ങുന്നതിന് 03.09.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 68/13/പജപവവിവ ഉം 23.10.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 84/13/പജപവവിവ ഉം പ്രകാരം ഉത്തരവായിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

<table>
<tr>
<td>ഇ</td>
<td>സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾ ഇപ്രകാരം ഭൂമി സ്വയം കണ്ടെത്തി അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;</td>
<td>ഇ</td>
<td>ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് ലഭ്യമായ അപേക്ഷകളുടെ വിവരങ്ങൾ ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.
<table>
<tr><td>കൊല്ലം</td><td>4</td></tr>
<tr><td>പത്തനംതിട്ട</td><td>12</td></tr>
<tr><td>ആലപ്പുഴ</td><td>10</td></tr>
<tr><td>കോട്ടയം</td><td>9</td></tr>
<tr><td>എറണാകുളം</td><td>9</td></tr>
<tr><td>തൃശ്ശൂർ</td><td>10</td></tr>
<tr><td>പാലക്കാട്</td><td>87</td></tr>
<tr><td>മലപ്പുറം</td><td>205</td></tr>
<tr><td>കോഴിക്കോട്</td><td>10</td></tr>
<tr><td>വയനാട്</td><td>232</td></tr>
<tr><td>കാസർഗോഡ്</td><td>4</td></tr>
</table>
</td>
</tr>
<tr>
<td>എഫ്</td>
<td>ഇപ്രകാരം ചൂണ്ടിക്കാട്ടിയ ഭൂമി എത്രപേർക്ക് വാങ്ങി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?</td>
<td>എഫ്</td>
<td>ആർക്കും ഇതുവരെ ഭൂമി വാങ്ങിനൽകിയിട്ടില്ല. ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിച്ച ഭൂമി വാങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**

1056/13
14088
2477
23/1/14

A
31/12/13

GOVERNMENT OF KERALA

**Abstract**

Scheduled Castes / Scheduled Tribes Development Department - Project proposal for purchase of land for landless Scheduled Tribes families - Administrative Sanction accorded -Orders issued.

SCHEDULED CASTES / SCHEDULED TRIBES DEVELOPMENT (PM) DEPARTMENT

G.O.(MS) No.68/SCSTDD. Dated, Thiruvananthapuram, 03.09.2013

Read:- Minutes of the Special Working Group meeting held on 29.07.2013.

**ORDER**

The Director, Scheduled Tribes Development Department has submitted a Project proposal to purchase a minimum of 25 cents and maximum 1acre of land for an amount not exceeding ₹ 10 lakh for landless ST families at an estimated cost of Rs.20 Crores (Rupees Twenty Crores only) to Government for consideration.

(2) The Special Working Group which met on 29.07.2013 considered the proposal and recommended for approval of the same, subject to the specific condition that beneficiaries shall be identified with Aadhar number, so as to avoid duplication and ensure transparency.

| Funding Pattern and Flow of Fund | Duration and Phasing | Details of Physical and Financial Target |
|---|---|---|
| 2225-02-283-90 Resettlement of landless Scheduled Tribes (TRDM) (Plan) | 2013-14 | Purchase of land for 200 landless ST families at ₹20 Crores |

(3) Government accept the recommendation of the Special Working Group and are pleased to accord Administrative Sanction accordingly.

(4) The expenditure in this regard will be met from the head of account 2225-02-283- 90 - Resettlement of landless Scheduled Tribes (TRDM) (Plan) - during the year 2013-14.

(By Order of the Governor),
Subrata Biswas
Principal Secretary to Government

To

The Director, Scheduled Tribes Development Department
The Project Officer/Tribal Development Officers concerned
(Through Director, ST Development Department)
The Principal Accountant General (Social & General Sector), Kerala, Thiruvananthapuram.

The Principal Accountant General (Economic & Revenue Sector), Kerala,
Thiruvananthapuram (This issues with the approval of State Level Working Group)
The Finance(W W) Department.
The Finance ( Planning B )Department
( Vide U.O (f) 67385/Pig.B1/13/Fin.dated 05.08.2013)
The Chief, Decentralized Planning Division, State Planning Board, Thiruvananthapuram.
The Information Officer, Web & New Media, I & PRD,
Government Secretariat, Thiruvananthapuram
The District Collector,
Stock file / Office Copy.

Forwarded/By Order,

Section Officer.

Copy to: The PS to Minister (WST,YA, M & Z)
The PA to Principal Secretary (Tribal Welfare)
The Scheduled Castes Scheduled Tribes Development (D) Department

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി - മാർഗ്ഗനിർദ്ദേശം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ. ഉ. (എം.എസ്) നമ്പർ: 84 /13/പജ.പവ.വിവ. തിരുവനന്തപുരം, തീയതി: 23/10/2013.

പരാമർശം :- 03.09.2013 ലെ സ.ഉ. (എം.എസ്) നമ്പർ 68/13/പജ.പവ.വിവ.

**ഉത്തരവ്**

പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം, ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി കണ്ടെത്തി യാതൊരുവിധ ബാദ്ധ്യതയുമില്ലെന്നുറപ്പു വരുത്തി സ്ഥലത്തിന്റെ വില 10 ലക്ഷം രൂപയിൽ കവിയാതെ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനായി 20 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

മേൽ പദ്ധതി നടപ്പാക്കുന്നതിനായി അനുബന്ധത്തിൽ പറയും പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എബ്രഹാം എം.എസ്.**
**ജോയിന്റ് സെക്രട്ടറി**

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. ചീഫ്, ആദിവാസി പുനരധിവാസ വികസന മിഷൻ, തിരുവനന്തപുരം
3. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ (പവവി. ഡയറക്ടർ മുഖാന്തിരം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) / ആഡിറ്റ്), കേരള, തിരുവനന്തപുരം
5. സെക്രട്ടറി, കേരള നിയമസഭ
6. പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിലേക്ക്)
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ*

സെക്ഷൻ ഓഫീസർ

# അനുബന്ധം

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ സൗകര്യത്തിനനുസരിച്ച് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി കണ്ടെത്തി യാതൊരുവിധ ബാദ്ധ്യതയുമില്ലെന്നുറപ്പു വരുത്തി സ്ഥലത്തിന്റെ വില 10 ലക്ഷം രൂപയിൽ കവിയാതെ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

## അർഹത

1. അപേക്ഷകൻ ഭൂരഹിത പട്ടികവർഗ്ഗക്കാരൻ ആയിരിക്കണം.
2. ഭൂമിയില്ലാത്ത കുടുംബം ആണെന്ന് ഗ്രാമസഭ/ഊരുകൂട്ടം പട്ടികവർഗ്ഗ വകുപ്പ്, റവന്യൂ അധികാരികൾ എന്നിവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ വ്യക്തി ആയിരിക്കണം.

## തെരഞ്ഞെടുക്കുന്ന രീതി

1. അപേക്ഷകൻ 25 സെന്റിൽ കുറയാത്ത ഭൂമി കണ്ടെത്തിയ ശേഷം ഈ വിവരം ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറെ അറിയിക്കേണ്ടതാണ്. ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ അപേക്ഷകന്റെയും വസ്തു ഉടമയുടെയും സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി ഈ ഭൂമി വാസയോഗ്യമാണെന്നും കടബാദ്ധ്യതകൾ ഇല്ലാത്തതുമാണെന്നും ഉറപ്പുവരുത്തേണ്ടതുമാണ്. ഭൂമി വാസയോഗ്യമാണെന്നും കൃഷിയോഗ്യമാണെന്നും ബോദ്ധ്യപ്പെട്ടാൽ ഉടനെതന്നെ സ്ഥല ഉടമയിൽനിന്നും ഒരു സമ്മതപത്രം ശേഖരിക്കേണ്ടതാണ്. ഗുണഭോക്താവിന്റെ ആധാർ നമ്പർ കൂടി ശേഖരിച്ച് ഭൂരഹിതനാണെന്ന് ഉറപ്പുവരുത്തി ഇരട്ടിപ്പില്ലാതെ സുതാര്യമായി പദ്ധതി നിർവ്വഹണം ഉറപ്പു വരുത്തേണ്ടതാണ്.

2. വാസയോഗ്യമല്ലെങ്കിൽ ആയത് ഗുണഭോക്താവിനെ ബോദ്ധ്യപ്പെടുത്തി മറ്റൊരു ഭൂമി കണ്ടെത്താൻ അപേക്ഷകന് നിർദ്ദേശം നൽകേണ്ടതാണ്.

3. കൃഷിയോഗ്യവും, വാസയോഗ്യവുമാണെങ്കിൽ വസ്തു ഉടമ ആവശ്യപ്പെടുന്ന വില ഫെയർ വാല്യുവിനേക്കാൾ കൂടുതലാണെങ്കിൽ ആ പ്രദേശത്തെ ശരാശരി മാർക്കറ്റ് വിലയേക്കാൾ അധികമല്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ വസ്തുവിന്റെ ആധാരം പരിശോധിച്ച് പരിസ്ഥിതി ദുർബ്ബല പ്രദേശമല്ലെന്നും ക്രയവിക്രയം ചെയ്യാൻ അവകാശമുള്ള ഉടമസ്ഥാവകാശ രേഖയുള്ളതാണെന്നും സ്ഥലത്തിന്റെ ഉടമസ്ഥതാവകാശം യാതൊരുതരത്തിലും പണയപ്പെടുത്തിയിട്ടില്ലായെന്നും ഉറപ്പാക്കേണ്ടതാണ്.

4. സ്ഥലം 25 സെന്റിൽ കൂടുതലുണ്ടെന്നും, ഒരേക്കറിൽ കവിയില്ലെന്നും ആകെ വില 10 ലക്ഷത്തിൽ അധികരിക്കില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

5. ഭൂവുടമയിൽനിന്ന് വസ്തുവിന്റെ ആധാരം, അടിയാധാരം, ഭൂമിയുടെ പ്ലാൻ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, തണ്ടപ്പേർ അക്കൗണ്ട്, 30 വർഷത്തെ കുടിക്കിട സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് എന്നിവ ശേഖരിച്ച് ഗവൺമെന്റ് പ്ലീഡറിൽ നിന്നും Legal Scrutiny Report ശേഖരിക്കേണ്ടതും, ആയതു പ്രകാരം വാങ്ങാവുന്ന ഭൂമിയാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

6. ഇതിനുശേഷം രജിസ്ട്രേഷൻ ഫീസ് ഇളവ് ചെയ്യാനുള്ള കത്ത് ബന്ധപ്പെട്ട് സബ് രജിസ്ട്രാർക്ക് ഐ.റ്റി.ഡി.പി. പ്രോജക്റ്റ് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ നൽകേണ്ടതാണ്.

7. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ, ഐ.റ്റി.ഡി. പ്രോജക്റ്റ് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, ബന്ധപ്പെട്ട തഹസിൽദാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ അടങ്ങിയ കമ്മിറ്റിയുടെ മേൽ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം മാത്രമെ ഭൂമി രജിസ്ട്രേഷൻ നടത്തുവാൻ പാടുള്ളൂ.

8. ക്രയവിക്രയം മൂലം ഉണ്ടാകുന്ന വരുമാനത്തിന്മേൽ നിയമാനുസൃതമായ ഇൻകംടാക്സ് ഭൂവുടമ ഒടുക്കേണ്ടതാണ്/കുറവ് ചെയ്തു മാത്രമെ ഭൂവില അനുവദിക്കാൻ പാടുള്ളൂ.

## ഭൂമിയുടെ രജിസ്ട്രേഷനും വില അനുവദിക്കുന്നതും സംബന്ധിച്ച്

1. സ്ഥലം രജിസ്റ്റർ ചെയ്തു ശേഷം അസ്സൽ പ്രമാണവുമായി പോക്കുവരവിനുള്ള അപേക്ഷ വില്ലേജാഫീസിൽ കൊടുത്തതിന്റെ രേഖയുമായി അപേക്ഷകനും സ്ഥലം ഉടമയും ഗുണഭോക്താവും ഐ.റ്റി.ഡി. പ്രോജക്റ്റ് ഓഫീസ്/ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ വന്നു കഴിഞ്ഞാൽ ഇതു പരിശോധിച്ച് സ്ഥലം ഉടമയ്ക്ക് സ്ഥലത്തിന്റെ വില ഡിമാന്റ് ഡ്രാഫ്റ്റായി നൽകാവുന്നതാണ്.

2. അസ്സൽ പ്രമാണം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തന്റെ കൈവശം സൂക്ഷിക്കേണ്ടതും പകർപ്പ് അപേക്ഷകന് നൽകേണ്ടതുമാണ്. ഇതു സംബന്ധിച്ച രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിരിക്കേണ്ടതാണ്.

3. തുടർന്ന് ഇതേ സ്ഥലത്ത് വീട് നിർമ്മിക്കാനുള്ള ധനസഹായം നൽകേണ്ടതും സമയബന്ധിതമായി പണി പൂർത്തീകരിച്ച് അപേക്ഷകൻ സ്ഥലത്ത് താമസമാക്കി 3 വർഷം പൂർത്തിയായി എന്ന് ഉറപ്പ് വരുത്തിയശേഷം പ്രമാണത്തിന്റെ ഒറിജിനൽ ശരിയായ രസീതി പ്രകാരം അപേക്ഷകന് നൽകാവുന്നതാണ്. നിർദ്ദിഷ്ട ഭൂമി യാതൊരു കാരണവശാലും ക്രയവിക്രയം നടത്താനോ മറ്റ് വിധത്തിൽ അന്യാധീനപ്പെടുത്തുവാനോ ഗുണഭോക്താവിന് അവകാശം ഇല്ലാത്തതും വിവാഹിതരായ വ്യക്തികളുടെ സംഗതിയിൽ ദമ്പതിമാർ രണ്ടു പേരുടെയും പേരിൽ കൂട്ടായി രജിസ്റ്റർ ചെയ്യേണ്ടതും, ഒരാളിനാൽ നയിക്കപ്പെടുന്ന ഗൃഹത്തിന്റെ സംഗതിയിൽ ആ ഗൃഹനാഥന്റെ/ഗൃഹനാഥയുടെ പേരിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്. നേരിട്ടുള്ള ഒരു അനന്തരാവകാശിയുടെ അഭാവത്തിൽ അവകാശം ഏറ്റവും അടുത്ത കുല ബന്ധുവിന് വന്നു ചേരുന്നതുമാണ്.

(signature)
ജോയിന്റ് ഡയറക്ടർ